# 33

# നസറേത്തിലെ ത്യജിക്കൽ

## (13:53- 58)

ഈ മാറ്റം വരുത്തുന്ന ഖണ്ഡികയിൽ, 12:46–50 വരെയുള്ള സ്വീകാലും, അദ്ധ്യായം 13 ലെ ഉപമകളുടെ അവസാന ബ്രാക്കറ്റും ഉൾപ്പെടുന്നു. രണ്ടു ഖണ്ഡികയിലും, ആളുകളുടെ തെറ്റിദ്ധാരണ, യേശുവിനെ ത്യജിക്കൽ, അവന്റെ ഭൗമിക കുടുംബം എന്നിവ അടങ്ങിയിരിക്കുന്നു.

### "ആശ്ചര്യപ്പെട്ടു" (13:53-56)

53ആ ഉപമകളെ പറഞ്ഞു തീർന്ന ശേഷം, യേശു അവിടം വിട്ടു തന്റെ
പിതൃനഗരത്തിൽ വന്നു അവരുടെ പള്ളിയിൽ അവർക്ക് ഉപദേശിച്ചു. അവർ
വിസ്മയിച്ചു. 54"ഇവന്നു ഈ ജ്ഞാനവും വീര്യപ്രവൃത്തികളും എവിടെനി
ന്ന്? 55ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ അമ്മ മറിയ എന്നവൾ
അല്ലയോ? ഇവന്റെ സഹോദരന്മാർ, യാക്കോബ്, യോസേ, ശീമോൻ, യൂദാ
എന്നവർ അല്ലയോ? 56ഇവന്റെ സഹോദരികളും നമ്മോടുകൂടെ ഇല്ലയോ?
ഇവന്ന് ഇതൊക്കെയും എവിടെനിന്ന്?"

**വാക്യം 53. യേശു പറഞ്ഞു തീർന്ന ശേഷം** എന്ന പ്രയോഗം സൂചിപ്പിക്കുന്നത് പല മാറ്റങ്ങൾ മത്തായിയിലുണ്ടെന്നാണ്. ഉപദേശ ഭാഗം അവസാനിപ്പിച്ചിരിക്കുന്നു (7:28, 29; 11:1; 13:53; 19:1; 26:1). തന്റെ **ഉപമകൾ** യേശു പൂർത്തിയാക്കിയശേഷം, **അവൻ അവിടം വിട്ടുപോയി**; അതായത് അവൻ കഫർന്ന ഹൂം വിട്ടുപോയി.

**വാക്യം 54.** യേശു **പിതൃനഗരമായ** ഗലീലിയിലെ **നസറേത്തിലേക്ക് വന്നു.** (2:23 ന്റെ പരാമർശം നോക്കുക). തന്റെ വ്യക്തിപരമായ ശുശ്രൂഷ ആരംഭിച്ച ശേഷം ഇത് ആദ്യമായിട്ടല്ല യേശു പിതൃനഗരത്തിലേക്ക് വരുന്നത്. മരുഭൂമിയിലെ പരീക്ഷണത്തിനുശേഷവും, യേശു കഫർന്നഹൂമിൽ താമസിക്കുവാൻ തുടങ്ങുന്നതിനു മുൻപും അവൻ അവിടം സന്ദർശിച്ചതായി ലൂക്കൊസ് 4:16–30 പറയുന്നു. തന്റെ ശുശ്രൂഷയിൽ പിന്നീടും യേശു നസറേത്ത് സന്ദർശിച്ചതായി മത്തായിയും മർക്കൊസും വിവരിക്കുന്നു (മർ. 6:1–6).

"ഒരു പതിവു പോലെ" (ലൂക്കൊ 4:16), യേശു **അവരുടെ പള്ളികളിൽ പോകുകയും അവരെ ഉപദേശിക്കുകയും ചെയ്തു.** ആ സംഭവങ്ങൾ നടന്നതു ശബ്ബത്തിലായിരുന്നു എന്നാണ് മർക്കൊസ് ശ്രദ്ധിച്ചത് (മർ. 6:2). പള്ളികളിലെ അവന്റെ ഉപദേശത്തെ സംബന്ധിച്ച് സുവിശേഷങ്ങളിൽ അവസാനമായിട്ടാണ് മത്തായി ഇതു പറഞ്ഞത്. പിതൃനഗരത്തിൽ, യേശു ഉപദേശിച്ചതു കേട്ട് അവർ **ആശ്ചര്യപ്പെട്ടു** അവർ ചോദിച്ചു, "ഈ മനുഷ്യന്ന് ഈ ജ്ഞാനവും അത്ഭുത ശക്തിയും എവിടെ നിന്ന്?" ഏതാണ്ട് അവന്റെ ജീവിതം മുഴുവനും അവർക്ക് അറിയാമായിരുന്നു (2:19–23 നോക്കുക). അവൻ നസറേത്ത് വിട്ട് പോകുന്നതിനു മുൻപ്, അവൻ ഒരു സഞ്ചരിക്കുന്ന ഉപദേഷ്ടാവോ അല്ലെങ്കിൽ

അത്ഭുതപ്രവർത്തകനോ ആയിരുന്നില്ല; എന്നാൽ ഇപ്പോൾ അവൻ രണ്ടുമാണ്.

**വാക്യം 55**. യേശു **തച്ചന്റെ മകനാണെന്ന്** ആളുകൾക്ക് അറിയാമായിരുന്നു. അവൻ തന്റെ പ്രാരംഭ ജീവിതത്തിൽ അപ്പനെ പിൻപറ്റി ജീവിക്കുകയും, അവൻ തന്നെ ഒരു തച്ചനാകുകയും ചെയ്തിരുന്നു (മർ. 6:3). മകൻ അപ്പന്റെ ജോലി പഠിക്കുന്നത് യെഹൂദ ആചാരമായിരുന്നു (ഫിലി. 2:22). ഒരു യെഹൂദ പഴഞ്ചൊല്ല് പറയുന്നത് "അപ്പൻ മകനെ ജോലി പഠിപ്പിച്ചില്ലെങ്കിൽ, മോഷ്ടിക്കുവാനാണ് പഠിപ്പിക്കുന്നത്."[1] ഗ്രീക്ക് വാക്ക് *ടെക്ടോൺ* പാരമ്പര്യമായി തർജിമ ചെയ്തിരിക്കുന്നത് "തച്ചൻ" എന്നാണ്. അവൻ വളർന്നു വന്നപ്പോൾ, തന്റെ അപ്പന്റെ ആശാരിക്കടയിൽ ജോലി നോക്കിയിരിക്കാം, അല്ലെങ്കിൽ ഒരുപക്ഷെ ഗൃഹോപകരണങ്ങളോ കെട്ടിടത്തിനുപയോഗിക്കുന്ന മരസാമഗ്രികൾ ഉണ്ടാക്കിക്കൊടുക്കയോ ചെയ്തിരിക്കാം. എങ്ങനെയായാലും, *ടെക്ടോൺ* "കൽപ്പണിക്കാരൻ," "നിർമ്മാതാവ്" എന്നൊക്കെ തർജിമ ചെയ്യാം.[2] രണ്ടാമത് പറഞ്ഞ നിർവ്വചനമാണ് ആധുനിക പണ്ഡിതന്മാർ സ്വീകരിച്ചിരിക്കുന്നത്. കൈസര്യ, തിബര്യാസ് എന്നീ പട്ടണങ്ങളിലേക്ക് നയിക്കുന്ന റോഡുകൾ നസറേത്തിൽനിന്നായതിനാൽ, ഒരുപക്ഷെ യോസേഫും യേശുവും ജോലിക്കായി ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്തിരിക്കാം.[3] അതിനു പുറമെ, നസറേത്തിൽനിന്ന് അൽപം വടക്കു മാറിയായിരുന്നു സെഫോറിസ് സ്ഥിതി ചെയ്തിരുന്നത്, യേശുവിന്റെ യുവത്വകാലയളവിൽ ഹെരോദാവ് അന്തിപ്പാസ് ആ സ്ഥലം പുതുക്കി പണിതിരുന്നു. കെട്ടിട നിർമ്മാണ ജോലികൾക്ക് യോസേഫും യേശുവും തുടർച്ചയായി അവിടേക്ക് യാത്ര ചെയ്തിരിക്കാം.[4]

**മറിയ** അവന്റെ **അമ്മ**യാണെന്നും, **യാക്കോബ്, യോസേ, ശീമോൻ, യൂദാ എന്നിവർ അവന്റെ സഹോദരന്മാരാണെന്നും ആളുകൾ തിരിച്ചറിഞ്ഞിരുന്നു** (12:46 ന്റെ പരാമർശം നോക്കുക).

**വാക്യം 56**. അവർ ചോദിച്ചു, "**അവന്റെ സഹോദരിമാരും നമ്മോടുകൂടെ ഇല്ലയോ?**" അവരുടെ ചോദ്യം വ്യക്തമാക്കുന്നത് യേശുവിന് ചുരുങ്ങിയത് രണ്ടു സഹോദരിമാരെങ്കിലും ഉണ്ടായിരുന്നു എന്നാണ്. "എല്ലാം" എന്നു പറയുന്നതിനാൽ, കൂടുതൽ പേർ ഉണ്ടായിരുന്നു എന്നാണ് അനുമാനം. ആ സ്ത്രീകളെ കുറിച്ച് ഈ വാക്യത്തിലും മർക്കൊസ് 6:3 ലും ആണ് പറഞ്ഞിരിക്കുന്നത്, അവരുടെ പേരുകൾ പറഞ്ഞിട്ടില്ല. ആ ചോദ്യത്തിൽ രണ്ട് ആശയങ്ങൾ കൂടെ ഉള്ളതായി ചിലർ കരുതുന്നു. ഒന്ന്, യേശുവിന്റെ സഹോദരിമാരും "എല്ലാം നമ്മോടുകൂടെ ഇല്ലയോ" എന്നത് അർത്ഥമാക്കുന്നത്, അവർ വിവാഹിതരായി നസറേത്തിൽ തന്നെ താമസമാക്കി എന്നാണ്. രണ്ട്, മറിയയും സഹോദരന്മാരും പിന്നീട് അവിടെ താമസിച്ചിരുന്നില്ല. ഒരുപക്ഷെ അവർ യേശുവിനോടുകൂടെ (മൂത്ത മകൻ) കഫർന്നഹൂമിലേക്ക് പോയിരിക്കാം. ഈ വേദഭാഗത്ത് അവന്റെ ഭൗമിക പിതാവിന്റെ പേർ പറഞ്ഞിട്ടില്ല, പക്ഷെ അവൻ അപ്പോഴേക്ക് മരിച്ചിരിക്കാം.

ആളുകൾ ചോദിച്ചു, "**ഈ മനുഷ്യന്നു ഇതൊക്കെയും എവിടെനിന്ന്?**" യേശുവിന്റെ ഒരുവശം അവർക്ക് അറിഞ്ഞുകൂടായ്കയാൽ, അവർ അതിശയിച്ചു.

## "ഇടറിപോയി" (13:57)

**[57]അവങ്കൽ ഇടറി പോയി. യേശു അവരോട് "ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്ത ഭവനത്തിലും അല്ലാതെ ബഹുമാനം ഇല്ലാത്തവൻ അല്ല എന്നു പറഞ്ഞു."**

**വാക്യം 57.** നസ്രേത്തിലുള്ളവർക്ക് യേശുവിനെ നന്നായി അറിയാമായിരുന്നതുകൊണ്ട്, **അവർ അവങ്കൽ ഇടറിപ്പോയി**. ദൈവം അവർക്കിടയിൽനിന്ന് ഒരു പ്രവാചകനെ എഴുന്നേൽപ്പിക്കുമെന്ന കാര്യം അവർക്ക് വിശ്വസിക്കുവാൻ പ്രയാസമായിരുന്നു (യോഹ. 1:46). അവരുടെ പല വിശ്വാസങ്ങളേയും വെല്ലുവിളിക്കുന്നതായിരുന്നു അവന്റെ ഉപദേശങ്ങൾ (ലൂക്കൊ. 4:23–27). ("ഇടറിപ്പോയി" എന്നതിനു 11:6 ലെ പരാമർശങ്ങൾ നോക്കുക.). പുരുഷാരം യേശുവിനെ തള്ളിക്കളഞ്ഞതുകൊണ്ട് "**ഒരു പ്രവാചകൻ തന്റെ പിതൃഭവനത്തിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനം ഇല്ലാത്തവനല്ല**" എന്ന പ്രസ്താവനക്ക് കാരണമായി.

## "അവിശ്വാസം" (13:58)

**[58]അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവൃത്തികളെ ചെയ്തില്ല.**

**വാക്യം 58. അവരുടെ അവിശ്വാസം** കാരണം, യേശു **അവിടെ അധികം അത്ഭുതങ്ങൾ** ചെയ്തില്ല. മർക്കോസ് പറഞ്ഞതനുസരിച്ച് "ഏതാനും രോഗികളുടെ മേൽ കൈവെച്ച് സൗഖ്യം വരുത്തിയതല്ലാതെ അവിടെ വീര്യപ്രവൃത്തികൾ ചെയ്‌വാൻ കഴിഞ്ഞില്ല" (മർ. 6:5). ആളുകളുടെ വിശ്വാസക്കുറവു നിമിത്തം അധികം വീര്യ പ്രവൃകൾ ചെയ്യുവാൻ കഴിഞ്ഞില്ലാ എന്ന് മത്തായി പറയുമ്പോൾ, യേശു പരാജയപ്പെട്ടു എന്നാണോ സൂചിപ്പിക്കുന്നത്? അല്ലായിരിക്കാം. വേദഭാഗം സൂചിപ്പിക്കുന്നത്, ആളുകളുടെ അവിശ്വാസം നിമിത്തം കുറേപേർ മാത്രമേ അത്ഭുതത്തിനായി അവന്റെ അടുക്കൽ വന്നുള്ളു. അവന്റെ അടുക്കൽ വിശ്വാസത്തോടെ വന്നവർക്ക് സൗഖ്യം ലഭിച്ചു. പ്രശ്നം യേശുവിന്റെ ശക്തിക്കായിരുന്നില്ല, പക്ഷെ ആളുകളുടെ ഹൃദയ കാഠിന്യം നിമിത്തം അവർ അവനേയും അവന്റെ ഉപദേശത്തേയും തള്ളിക്കളഞ്ഞു.

## പാഠം

### ക്രിസ്തുനിമിത്തം നാം ഇടറുന്നുണ്ടോ? (13:53-58)

ആളുകൾ ക്രിസ്തുവിൽ ഇടറിപ്പോയി. അവന്റെ പിതൃനഗരത്തിലുള്ള ആളുകൾ അവനിൽ ഇടറിപ്പോയി (13:57; മർ. 6:3; ലൂക്കൊ. 4:28,29; യോഹ 1:46 നോക്കുക). എന്തുകൊണ്ടാണ് ആളുകൾ ഇന്ന് അവനിൽ ഇടറുന്നത്?

1. *ക്രിസ്തു ഭൗതീകത്തെക്കാൾ ആത്മീകമായി കരുതലുള്ളവനായിരുന്നു*. അവൻ ശരീരത്തെക്കാൾ ആത്മാവിനെ കൂടുതലായി കരുതി. ഭൗതീക ശരീരത്തെക്കുറിച്ച് അവന് കരുതലുണ്ടായിരുന്നു, എന്നാൽ അതിനെ അവൻ ശരിയായ കാഴ്ച്ചപ്പാടിൽ കണ്ടിരുന്നു. എറ്റവും പ്രധാനപ്പെട്ടവയെ നാം എവിടെ

യാണ് വെക്കുന്നത്? നമ്മുടെ സമൂഹം ഭൗതീകതയിൽ മുഴുകിയിരിക്കയാണ്. ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ സ്വാർത്ഥതക്കും, സ്വയം-ത്യജിക്കലിനും, സ്വയ-ത്യാഗത്തിനും പകരം സ്വയേ-ഛ, സ്വയ-ഖേദം എന്നിയാണ് പഠിപ്പിക്കുന്നത്. ജീവിതത്തിൽ പ്രധാനപ്പെട്ടവയെക്കുറിച്ച് അവർ എന്താണ് പഠിപ്പിക്കുന്നത്?

2. *ജീവിതത്തിലെ പപ്രധാനപ്പെട്ട പൊതുവായ കാര്യങ്ങളെ ക്രിസ്തു ഉയർന്നതായി കണ്ടിരുന്നു.* തന്റെ കാലത്തെ യഹൂദ മതത്തിന്റെ പ്രതാപ കാര്യങ്ങളിൽ അവൻ പ്രസാദിച്ചിരുന്നില്ല. അവൻ ലളിതമായ വഴികളിൽ ലളിതമായി ജീവിച്ചു. ശക്തമായവരെ കുഴപ്പിക്കുവാനായി അവൻ ബലഹീനമായതും മൗഢ്യമായതും ഉപയോഗിച്ചു (1 കൊ. 1:27). "ക്രിസ്തുവിലുള്ള ഏകാഗ്രത" ആളുകൾ വിട്ടുകളയുമോ എന്നു പൗലോസ് ഭയപ്പെട്ടിരുന്നു (2 കൊ. 11:3; എൻകെജെവി). ലളിതമായ ആരാധനാ പ്രവൃത്തികളാൽ അല്ലെങ്കിൽ ലളിതമായ രക്ഷാ പദ്ധതിയാൽ നമ്മെ പരിഹസിക്കുകയാണോ?

3. *ക്രിസ്തു തന്റെ കാലത്തെ ചില വിശേഷപ്പെട്ട വിശ്വാസത്തിനും പാരമ്പര്യത്തിനും എതിരായിരുന്നു.* യെഹൂദ മതാദ്ധ്യക്ഷന്മാരുമായി അവൻ യോജിച്ചിരുന്നുവെങ്കിൽ, അവർ അവനോടു കൂട്ടുചേരുമായിരുന്നു. പകരം, അവൻ അവരുടെ പാപപരിശീലനത്തേയും മതപരമായ തെറ്റുകളേയും ഖണ്ഡിച്ചു. അവരെ കപടഭക്തിക്കാരെന്ന് കുറ്റപ്പെടുത്തി നീതി പരിശിലിക്കുവാൻ അവരെ പ്രബോധിപ്പിച്ചു (6:2, 5, 16; 15:3–11). പ്രചാരത്തിലിരിക്കുന്ന ചില മതപരമായ ഉപദേശങ്ങളെ ക്രിസ്തു പഠിപ്പിച്ചിട്ടില്ല എന്നറിയുമ്പോൾ, ചിലർ ഇടറിപ്പോകുന്നു. രക്ഷിക്കുവാനുള്ള ദൈവത്തിന്റെ ശക്തി ക്രിസ്തുവിന്റെ സുവിശേഷം മാത്രമാണ് (റോമർ. 1:16).

ജീവിതത്തിൽ ഭൗതീക കാര്യങ്ങളേക്കാൾ ആത്മീക കാര്യങ്ങളെക്കുറിച്ചാണ് നാം കരുതേണ്ടത്. ഓരോ ദിവസവും ക്രിസ്തു വന്ന് നമ്മോടു കൂടെ നടക്കുകയാണെങ്കിൽ എന്തായിരിക്കും സംഭവിക്കുക? അവൻ നമ്മോടു പറയുന്നതിൽ നാം ഇടറിപ്പോകുമോ?

---

കുറിപ്പുകൾ

[1]തോസെഫ്റ്റാ *ക്യൂദുശിൻ* 1.11. [2]വാൾട്ടർ ബാവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3 ഡ് എഡി., റവ. ആന്റ് എഡ്. ഫ്രെഡറിക്ക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 995. [3]നോക്കുക ഡബ്ലിയു. എഫ്. ആൾ ബ്രൈറ്റ് ആന്റ് സി. എസ്സ്. മാൻ, *മാത്യു,* ദി ആങ്കർ ബൈബിൾ (ഗാർഡൻസിറ്റി, എൻ. വൈ.: ഡബിൾ ഡേ ആന്റ് കമ്പനി., 1971), 173. [4]റിച്ചാർഡ് ബോയ്റ്റി, *ജീസസ്സ് ആന്റ് ദ ഫൊർഗോട്ടൻ സിറ്റി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. : ബേക്കർ ബുക്ക് ഹൗസ്, 1991), 70–82.